# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.4025 16/03/2017-ൽ മറുപടിയ്ക്ക്**

## പയ്യന്നൂർ മണ്ഡലത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സി. കൃഷ്ണൻ :** | | **ശ്രീ. എ. കെ. ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നുവോ; എങ്കിൽ അതിന്റെ നിർമ്മാണ പ്രവർത്തനം ഏത് വരെയായി; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ പെരിങ്ങോം വില്ലേജിൽ എം.ആർ.എസ് തുടങ്ങുന്നതിനാവശ്യമായ സ്ഥലം തളിപ്പറമ്പ് താലൂക്കിൽ പെരിങ്ങോം വില്ലേജിൽ റീസർവ്വെ നമ്പർ 51-ൽപ്പെടുന്ന 4.070 ഹെക്ടർ ഭൂമി വകുപ്പിന് കൈമാറി നല്കി ഉത്തരവായിട്ടുണ്ട്. കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്കായി KIIFB യിൽ 25 കോടിയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | സ്കൂളിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. |
| (സി) | പ്രസ്തുത സ്കൂളിലേക്ക് 2017-18 വർഷം അഡ്മിഷൻ ആരംഭിക്കാൻ സാധിക്കുമോ; എങ്കിൽ ആവശ്യമായ തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; വിശദമാക്കാമോ ? | (സി) | പയ്യന്നൂർ മണ്ഡലത്തിൽ എം.ആർ.എസ്. ആരംഭിക്കുന്നതിനായി പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 2000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു കെട്ടിടം താല്ക്കാലികമായി ലഭ്യമാക്കിയതായും, ടി കെട്ടിടത്തിൽ 35 വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം മാത്രമേ ഉള്ളുവെന്നും, താല്ക്കാലിക കെട്ടിടത്തിൽ നിലവിലുള്ള സൗകര്യങ്ങൾക്കുപുറമെ അധികമായി ചില പ്രവർത്തികൾ കൂടി പൂർത്തിയാക്കിയാൽ മാത്രമേ നിലവിലുള്ള കെട്ടിടം ക്ലാസ്സ് ആരംഭിക്കാൻ പര്യാപ്തമാകുന്ന രീതിയിൽ സജ്ജമാകൂ എന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ക്ലാസ്സ് ആരംഭിക്കുന്നതിന് ആവശ്യമായ പ്രവൃത്തികളുടേയും, വാങ്ങേണ്ട സാധനങ്ങളുടേയും എസ്റ്റിമേറ്റ് / ഇൻവോയിസ് എന്നിവ ഹാജരാക്കാൻ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. എം.ആർ.എസ് ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ